"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ്-ജീവനക്കാര്യം-കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് – ട്രാവൻകൂർ ദേവസ്വം ബോർഡ് ഓഡിറ്റ് ഓഫീസിലെ 12 താൽക്കാലിക തസ്തികകൾക്കുള്ള തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.7300/2022/ധന.** **തീയതി, തിരുവനന്തപുരം, 29/10/2022**

പരാമർശം:- 1 സ.ഉ(സാധാ) നം 2488/1997/ധന തീയതി 08/04/1997
2 സ.ഉ(സാധാ) നം 1259/2008/ധന തീയതി 11/02/2008
3 സ.ഉ(സാധാ) നം 1396/2009/ധന തീയതി 27/02/2009
4 സ.ഉ(സാധാ) നം 3360/2009/ധന തീയതി 13/04/2009
5 സ.ഉ(സാധാ) നം 338/2010/ധന തീയതി 17/06/2010
6 സ.ഉ(സാധാ) നം 54/2011/ധന തീയതി 04/01/2011
7 സ.ഉ(സാധാ) നം 5925/2011/ധന തീയതി 29/07/2011
8 സ.ഉ(സാധാ) നം 6031/2013/ധന തീയതി 20/07/2013
9 സ.ഉ(സാധാ) നം 7942/2014/ധന തീയതി 20/10/2014
10 സ.ഉ(സാധാ) നം 4146/2016/ധന തീയതി 09/05/2016
11 സ.ഉ(സാധാ) നം 4532/2017/ധന തീയതി 01/06/2017
12 സ.ഉ(സാധാ) നം 1548/2018/ധന തീയതി 28/02/2018
13 സ.ഉ(സാധാ) നം 7867/2018/ധന തീയതി 22/09/2018
14 സ.ഉ(സാധാ) നം 1863/2019/ധന തീയതി 14/03/2019
15 സ.ഉ(സാധാ) നം 1627/2020/ധന തീയതി 27/02/2020
16 സ.ഉ(സാധാ) നം 415/2021/ധന തീയതി 18/01/2021
17 സ.ഉ(സാധാ) നം 8324/2021/ധന തീയതി 22/12/2021
18 സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 26/09/2022 ലെ കെ.എസ്.എ 3115/Estt.2/2022 നമ്പർ കത്ത്

**ഉത്തരവ്**

തിരുവിതാംകൂർ ദേവസ്വം ഓഡിറ്റ് ഓഫീസിൽ താഴെപറയും പ്രകാരമുള്ള 12 തസ്തികകൾ പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം താൽക്കാലികമായി സൃഷ്ടിച്ച് ഉത്തരവായിരുന്നു.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | ഓഡിറ്റ് ഓഫീസർ | 2 |
| 2 | ഓഡിറ്റർ | 8 |
| 3 | ടൈപ്പിസ്റ്റ് ഗ്രേഡ് II | 1 |
| 4 | ഓഫീസ് അറ്റൻഡന്റ് | 1 |
| | ആകെ | 12 |

2. മേൽപ്പറഞ്ഞ ഉത്തരവിൽ 12 താൽക്കാലിക തസ്തികകൾ 6 മാസത്തേക്കോ അല്ലെങ്കിൽ വകുപ്പിന്റെ റീ-ഓർഗനൈസേഷൻ വരെയും തുടരാം എന്നാണ് നിഷ്കർഷിച്ചിരുന്നതെങ്കിലും കാലാകാലങ്ങളിൽ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം 2 മുതൽ 17 വരെയുള്ള ഉത്തരവുകൾ പ്രകാരം 31/12/2022 വരെ തുടർച്ചാനുമതി നൽകിയിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ 06/03/1997-ലെ ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട താൽക്കാലിക തസ്തികകൾ സ്ഥിരമാക്കുന്നതിനായി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡി.ബി.പി. 36/2014 -ന്മേലുള്ള കോടതി ഉത്തരവിൽ അധിക തസ്തികകളുടെ ആവശ്യകത നിലനിർത്തി കൊണ്ട് ബഹു.ഹൈക്കോടതി കേസ് തീർപ്പാക്കിയിട്ടുള്ള സാഹചര്യത്തിലും ശബരിമലയിലും മറ്റ് അനുബന്ധ ക്ഷേത്രങ്ങളിലും മണ്ഡല-മകരവിളക്ക് ഉത്സവകാലത്തെ ഓഡിറ്റ് സമകാലികമായി നടക്കുന്നതിനാലും, ഓഡിറ്റിൽ മേൽപ്പടി തസ്തികകൾ അനിവാര്യമായതിനാൽ ടി 12 താൽക്കാലിക തസ്തികകളും സ്ഥിരപ്പെടുത്തുന്നതിനോ അല്ലെങ്കിൽ 01/01/2023 മുതൽ തുടർച്ചാനുമതി നൽകുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം 18-ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മുകളിലെ പട്ടികയിൽ പറഞ്ഞിട്ടുള്ള തിരുവിതാംകൂർ ദേവസ്വം ഓഡിറ്റ് ഓഫീസിലെ 12 താൽക്കാലിക തസ്തികകൾക്ക് 01/01/2023 മുതൽ 31/12/2023 വരെയുള്ള ഒരു വർഷ കാലയളവിലേയ്ക്ക് കൂടി തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുമിത ഗോപാൽ**

**അണ്ടർ സെക്രട്ടറി(ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി(ഇ 2214173)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ